പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) ഉണ്ട്.

(ബി) പ്രസ്തുത സംഭവത്തിലേക്ക് ഒറീസ്സാ ഗവണ്മെൻറിന്റെ ശ്രദ്ധയെ ആകർഷിക്കുകയും സമുചിതമായ നടപടി കൈക്കൊള്ളുവാൻ അപേക്ഷിക്കുകയും ചെയ്തു. കൂടാതെ ഭാവിയിൽ ഇത്തരം നിർഭാഗ്യകരമായ സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യപ്പെടുകയും ചെയ്തു. ഒറീസ്സാ ഗവണ്മെൻറ് ഒരു പോലീസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരുന്നതായി അറിയിച്ചിട്ടുണ്ട്.

(സി) ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. പി. വാസു : ഈ സംഭവത്തിന്റെ ശരിയായ വിവരം എന്താണെന്നറിഞ്ഞാൽക്കൊള്ളാം :

ശ്രീ. എം. പി. ഗോവിന്ദൻനായർ : ഇതു സംബന്ധിച്ച് പത്ര റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ഇതു സ്റ്റേറിനു പുറത്തു നടന്നൊരു സംഭവമാണ്. ഈ സംഭവത്തെ സംബന്ധിച്ച് ഒറീസാ ഗവണ്മെൻറ് അന്വേഷിച്ചുകൊണ്ടിരിക്കുന്നതായി വിവരം അറിയിച്ചിട്ടുണ്ട്.

ഹോമിയോ ഡിസ്പെൻസറികൾ.

* 602. [18] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ഹോമിയോ ഡിസ്പെൻസറികളുണ്ട്; എവിടെയെല്ലാം ;

(ബി) 1963–64 വർഷത്തിൽ എത്രയെണ്ണം സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്; എത്രയെണ്ണം തുടങ്ങി ;

(സി) ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തിനെ പ്രോത്സാഹിപ്പിക്കുന്നതിനു പ്രത്യേക വിഭാഗം തുടങ്ങാൻ ആലോചനയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു തീരുമാനമെടുത്തു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) കേരളത്തിൽ ഇൻഡിജീനസ് മെഡിസിൻ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ 14 ഹോമിയോ ഡിസ്പെൻസറികളും രണ്ട് ഹോമിയോ ആശുപത്രികളുമുണ്ട്. വിശദവിവരങ്ങളടങ്ങിയ ഒരു സ്റ്റേറുമെൻറ് മേശപ്പുറത്തുവച്ചിട്ടുണ്ട്. *

(ബി) മൂന്നാംപഞ്ചവത്സരപദ്ധതിയിലെ ഓരോ വർഷവും നാലു ഹോമിയോ ഡിസ്പെൻസറികൾവീതം തുറക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 1963–64 ലെ ബഡ്ജറിൽ ഇതിനുവേണ്ടി തുകയൊന്നും കൊള്ളിച്ചിരുന്നില്ല. അതുകൊണ്ട് 1963–64–ൽ ഹോമിയോ ഡിസ്പെൻസറികളൊന്നും തുറന്നിട്ടില്ല.

(സി) ഹോമിയോപ്പതിക്ക് ഒരു പ്രത്യേക വിഭാഗം തുടങ്ങുന്നതിന് ഗവണ്മെൻറിനു ഇപ്പോൾ യാതൊരു പരിപാടിയുമില്ല. ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുംവേണ്ടി എടുക്കേണ്ട നടപടികളെ സംബന്ധിച്ച് ഗവണ്മെൻറിനെ ഉപദേശിക്കാൻ ഒരു ആണറി അഡൈ്വസറെ നിയമിച്ചുകഴിഞ്ഞിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

---

* Appendix II

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. മോസ്സരൻനായർ : 1963–64 സാമ്പത്തികവർഷത്തിൽ പുതിയതായി ഹോമിയോപ്പതിക്കു് ഡിസ്പെൻസറികളും തുറക്കാത്ത നിലയ്ക്കു് ഈ സാമ്പത്തികവർഷത്തിൽ രണ്ടുകൊല്ലത്തേയും കൂടി കൂട്ടി പുതിയ ഡിസ്പെൻസറികളും തുറക്കാൻവേണ്ട ഏർപ്പാടു് ചെയ്യുമോ ? അതേ അവസരത്തിൽ കോട്ടയത്തു നടക്കുന്ന ഹോമിയോപ്പതിക്കു് മെഡിക്കൽകോളേജിൽനിന്നു് പാസ്സായി വെളിയിൽ വരുന്ന ആളുകൾക്കു് മുൻഗണന കൊടുത്തു് ആ ഡിസ്പെൻസറികളിൽ ജോലികൊടുക്കുന്നതിനു വേണ്ട ഏർപ്പാടു് ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : ഓരോ വർഷവും നാലു ഡിസ്പെൻസറികളെങ്കിലും തുറക്കേണ്ടിയിരുന്നതു്. 1962-63–ൽ ഒരു എണ്ണം കൂടുതലായി തുറന്നിട്ടുണ്ടു്. ഈ വർഷം പ്ലാൻ സ്കീമനുസരിച്ചു് നാലെണ്ണം തുറക്കാൻ മാത്രമേ വ്യവസ്ഥവച്ചിട്ടുള്ളുവെങ്കിലും ഈ കുറവു പരിഹരിക്കുന്നതിനു വേണ്ടി ഈ വർഷം ആറെണ്ണം തുറക്കാൻവേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഒരെണ്ണം കുറഞ്ഞുവന്നതു് അടുത്തകൊല്ലത്തിൽ പരിഹരിക്കുവാൻ സാധിക്കും. ഹോമിയോ ആശുപത്രികളിലെ നിയമനം നടത്തുന്നതു് പി. എസ്. സി. യാണു്. അതുകൊണ്ടു് ഗവണ്മെൻറിനു പ്രത്യേകമായ മുൻഗണന കൊടുക്കാനൊന്നും നിവൃത്തിയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഹോമിയോപ്പതിക്കു മരുന്നുകൾ സപ്ലൈർ ടെണ്ടർ വിളിച്ചുവാങ്ങുന്നതു് ഏറ്റവും വിലകുറഞ്ഞ മരുന്നുകളാണു്. ആ വിലകുറഞ്ഞ മരുന്നുവാങ്ങി ചികിത്സിക്കുന്നതുകൊണ്ടു് യാതൊരു ഫലവുമില്ലെന്നുള്ള കാര്യം ഞാൻ നേരത്തേ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണു്. അതുകൊണ്ടു് ഗവണ്മെൻറു് നല്ല മരുന്നുവാങ്ങി ചികിത്സിപ്പിക്കുന്നതിനു് വേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : ബഹു: മെമ്പർ പറഞ്ഞതു് കുറെയൊക്കെ അതിശയോക്തിയാണു്. അങ്ങനെയൊരു പരാതിയുണ്ടായിട്ടുണ്ടു്. ലോവസ്റ്റു ടെണ്ടർ സ്വീകരിക്കുന്ന കാരണത്താൽ നല്ല മെഡിസിൻ വാങ്ങാൻ സാധിക്കുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടാണു് ഒരു ആണറി അഡൈ്വസറെ വച്ചിട്ടുള്ളതു്. അദ്ദേഹത്തിൻറെ ഉപദേശ പ്രകാരം നല്ല മരുന്നു വാങ്ങുന്നതിനു വേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ ഗവണ്മെൻറു് lowest ടെണ്ടർ വിളിച്ചു മരുന്നു വാങ്ങുന്നതിൽ ആ മരുന്നു ഇന്ന മേക്കായിരിക്കണം എന്നുള്ളതിനെ സംബന്ധിച്ചു് വല്ല നടപടിയും എടുത്തിട്ടുണ്ടോ? ആരെങ്കിലും ഏറ്റവും ആദായകരമായ നിലയിൽ തരാമെന്നു പറഞ്ഞാൽ അതു സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : വെറും ആദായത്തിൻറെ അടിസ്ഥാനത്തിൽ മാത്രം സ്വീകരിക്കുകയില്ല. സ്റ്റാൻഡേർഡ് കുറയിറി കിട്ടണമെന്നുണ്ടു്. അതിനു് ലോവസ്റ്റു ടെണ്ടർ എന്ന തത്വമാണു് സ്വീകരിച്ചിട്ടുള്ളതു്.

മദിരാശിയിൽ നിന്നു വിദ്യുച്ഛക്തി കിട്ടുന്നതിനുള്ള നടപടി.

* 603. [19] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലേക്കു് മദിരാശിയിൽ നിന്നു വിദ്യുച്ഛക്തി കിട്ടുണ്ടെന്ന കാര്യം കേന്ദ്രഗവണ്മെൻറുമായി കൈകാര്യം ചെയ്തിട്ടുണ്ടോ ;

(ബി) അതിൻറെ വിശദാംശങ്ങൾ എന്തൊക്കെയാണു് ;

(സി) എത്ര കിലോവാട്സു് വൈദ്യുച്ഛക്തിക്കാണു് ആവശ്യപ്പെട്ടതു് ;

(ഡി) ഇതിനിടെ കേന്ദ്ര വിദ്യുച്ഛക്തി മന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്യുവോ; വല്ല തീരുമാനവും എടുത്തുവോ ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to starred Question* 602 (18)]

Name of Homoeo Institutions

1	Government Homoeo Hospital,	Kurichi	(Kottayam District)
2	do.	Mavelikara	(Alleppey) District)
3	Gove nment Homoeo Dispensary,	Trivandrum	(Trivandrum District)
4	Do.	Kottayam	(Kottayam Drstrict)
5	Do.	Alleppey	(Alleppey District)
6	Do.	Trichur	(Trichur District)
7	Do.	Palghat	(Palghat District)
8	Do.	Kozhikode	(Kozhikode District)
9	Do.	Ochira	(Quilon District)
10	Do.	Kandakadavu	(Ernakulam District)
11	Do.	Vellora	(Cannanore District)
12	Do.	Velliyamuttom	(Ernakulam District)
13	Do.	Sree Ramakrishna Nagar (Ottapalam)	Palghat District)
14	Do.	Vechuchira	(Quilon District)
15	Do.	Attingal	(Trivandrum District)
16	Do.	Kadalikad	(Ernakulam District)

LIBRARY ARCHIVES Kerala Legislative Assembly